ഉത്തരം

(എ) ഇല്ല.

(ബി) ഇങ്ങനെ ഒരു നിർദ്ദേശം ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

വെച്ചൂച്ചിറയിൽ പോളിടെക്നിക് കെട്ടിടം നിർമ്മിക്കാൻ ഭരണാനുമതി

160 [759] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെച്ചൂച്ചിറയിൽ എന്നാണ് സർക്കാർ പോളിടെക്നിക് ആരംഭിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ഏത് വർഷം മുതലുള്ള ബഡ്ജറ്റുകളിൽ എത്ര രൂപ വീതം വകയിരുത്തിയിരുന്നു എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ ഇതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകി ടെണ്ടർ ചെയ്യുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1998-99 വർഷത്തിൽ.

(ബി) 2004-05-ലെ ബഡ്ജറ്റിൽ 27 ലക്ഷവും സപ്ലിമെന്ററി ബഡ്ജറ്റിൽ 5 ലക്ഷവും ഉൾപ്പെടെ 32 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) 250 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

(ഡി) ഈ പ്രവൃത്തിക്കായി 250 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്നതിന് ഭരണാനുമതി നൽകിയ തുകയുടെ 20% എങ്കിലും ആവശ്യമാണ്. 2004-05 ബഡ്ജറ്റിൽ 27 ലക്ഷവും സപ്ലിമെന്ററി ബഡ്ജറ്റിൽ 5 ലക്ഷവും ഉൾപ്പെടെ 32 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ബാക്കി 18 ലക്ഷം രൂപ റീ അപ്രോപ്രിയേഷൻ വഴി ലഭ്യമാക്കാനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ (ലോക്കൽ വർക്സ്) സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly